LIBRARY ARCHIVES Kerala Legislative Assembly

ചെറുമത്സ്യങ്ങളെ അന്യ സംസ്ഥാനങ്ങളിലെ വളം ഫാക്ടറികളിലേക്ക് കയറ്റി അയയ്ക്കുന്നതിന് നിരോധനം

161 (2030) ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിലെ ചെറുമത്സ്യങ്ങളെ നിയമ വിരുദ്ധമായി പിടിച്ച് അന്യസംസ്ഥാനങ്ങളിലെ വളം ഫാക്ടറികളിലേക്ക് കയറ്റി അയയ്ക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മത്സ്യസമ്പത്തിന് ദോഷകരമായി ബാധിക്കുന്ന ഇത്തരം മീൻ പിടുത്തം നിരോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ നിരോധനം ലംഘിക്കുന്നവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(സി) 1980-ലെ കേരള കടൽ മീൻപിടുത്ത നിയന്ത്രണ നിയമം അനുസരിച്ച് ഇത് തടയുന്നതിന് എന്തെങ്കിലും നടപടികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യബന്ധനത്തിന് ദോഷകരമായി ബാധിക്കുന്ന ചെറുമീൻ പിടുത്തം നിരോധിച്ചിട്ടുണ്ട്. ഈ നിരോധനം ലംഘിക്കുന്നവർക്കെതിരെ കെ.എം.എഫ്.ആർ. ആക്ട് പ്രകാരം ബോട്ടുകൾ പിടിച്ചെടുത്ത് പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിനായി കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി ചെയ്യുന്ന വിഷയം പരിശോധിച്ചു വരികയാണ്.

മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി തൃശ്ശൂർ ജില്ലയിൽ

162 (2031) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രവർത്തനക്ഷമമാണോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന തൃശ്ശൂർ ജില്ലയിലെ മത്സ്യബന്ധന തൊഴിലാളികൾക്ക് വേണ്ടി സ്വീകരിച്ച കടാശ്വാസ നടപടികൾ വിശദമാക്കുമോ ;